പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 646

27.04.2017 ലെ മറുപടിയ്ക്ക്.

**പട്ടികജാതി /പട്ടികവർഗ്ഗക്കാരുടെ എഴുതിത്തള്ളുന്ന വായ്പ്പതുക**

| | ചോദ്യം<br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർല മെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|---|---|
| (എ) | (എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) & (ബി) | പട്ടികജാതി വിഭാഗക്കാർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-03-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് സ.ഉ(പി) നം 24/2015/SCSTDD dated 30-03-2015 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാത്കൃത ബാങ്കുകൾ, സർവീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും, 01-04-2006 മുതൽ 31-03-2014 വരെ കുടിശ്ശികയായിട്ടുള്ളതുമായ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെയുള്ള വായ്പകൾ, പലിശയും, പിഴപ്പലിശയും അടക്കം നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം എഴുതി തള്ളുന്നതിന് സ.ഉ(അ) നം 71/15/ പജപവവിവ തീയതി 01-10-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | (ബി) എത്ര തുക വരെയുള്ളതും, എത്ര കാലമായിട്ടുള്ളതുമായ വായ്പകളാണ് എഴുതിത്തള്ളുന്നത്; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ